# നാനാർത്ഥം



## നാനാർത്ഥം

ഏതുകേട്ടാലും സദാ
സംശയം തലനാരു
കീറുയും ചികഞ്ഞും
നോക്കീടുന്നു ശീലക്കാരൻ

ഞാനൊരു സാറായ് കലാ
ശാലയിൽ കഴിയവേ
'ഞായ'ത്തിൻ നാനാർത്ഥത്തെ
അറിയാൻ ശ്രമിച്ചില്ല.

വെളുപ്പാൻകാലത്തെന്നെ
വിളിച്ചേക്കണം ദൂര
ത്തൊരു യാത്രചെയ്യണം
ഭാര്യയെച്ചട്ടംകെട്ടി

കോഴിതൻ കൂവൽകേട്ടു
വിളിച്ചാളുണർന്നപ്പോൾ
പാതിര, നടപ്പുള്ള
ഞായമാണെന്നായ് ഭാര്യ

വൈദ്യുത ദീപം കിട്ടാൻ
സ്വിച്ചിട്ടു ഫലമില്ല
വൈദ്യുത പ്രവാഹത്തിൻ
'കട്ടു' മാറ്റിയതല്ലേ

പിന്നെയെന്താണിങ്ങനെ?
കഥിച്ചു വീണ്ടും ഭാര്യ
തുടർന്നു മുറിച്ചിട്ടു
പണിയുന്നതേ ഞായം

ഇരുട്ടിൽ മുങ്ങിത്തപ്പി–
തീപ്പെട്ടിയെടുത്തുഞാ–
നുരച്ചുതീക്കുച്ചികൾ
തീ പിടിയ്ക്കുന്നില്ലല്ലോ?

പ്രത്യുക്തിനല്ലാൾ ചൊന്ന
തെത്രലാഘവം കേട്ടാൽ
ഞായമായ് തീർത്തിട്ടുള്ള
തീപ്പെട്ടി കത്താറില്ല.

പുലരുംവരെ കിട
ന്നുറങ്ങിയെണീറ്റപ്പോൾ
കളകണ്ഠൻ പൂങ്കോഴി
കൊക്കരക്കോ കൂവുന്നു

എന്തൊരു ഞായം? വേണ്ടാ
സംശയമിനിമേലിൽ
ഞായമെന്നതേ ന്യായം
ന്യായമോ നടപ്പത്രേ

■ ■ ■